LSGD

കേരള സർക്കാർ

## തദ്ദേശ സ്വയംഭരണ വകുപ്പ്

തദ്ദേശസ്വയം ഭരണ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
സിവിൽസ്റ്റേഷൻ, കൊല്ലം പിൻ നമ്പർ [illegible]

ഇ-മെയിൽ –ivo2lsgdkollam@gmail.com ഫോൺ നമ്പർ 0474 2794961

LSGD/JD/IVO2/44/25 തീയതി: 06/08/2025

സുശീന്ദ്രൻ.കെ
ഇന്റേണൽ വിജിലൻസ് ഓഫീസർ-2 (ഇൻ ചാർജ്ജ്)
തദ്ദേശ സ്വയംഭരണ വകുപ്പ്
കൊല്ലം

സെക്രട്ടറി
കൊട്ടാരക്കര നഗരസഭ

സർ,

വിഷയം : തദ്ദേശ സ്വയംഭരണ വകുപ്പ് – ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസ് കൊല്ലം ,കൊട്ടാരക്കര നഗരസഭ – ശ്രീ. ജോയിമോൻ. കെ.കെ, കണിയാന്റഴികത്ത് വീട്, കൊട്ടാരക്കര സമർപ്പിച്ച പരാതി സംബന്ധിച്ച്.

സൂചന :
1. ഉപജില്ലാ സ്ഥിരം അദാലത്ത് സമിതി മുമ്പാകെയുള്ള BPKLM 21260000024 നമ്പർ അപേക്ഷ.
2. താങ്കളുടെ 17/06/2025 ലെ 379309/25 നമ്പർ കത്ത്.
3. ഉപജില്ലാ സ്ഥിരം അദാലത്ത് സമിതിയുടെ 06/08/2025 തീയതിയിലെ 1-ാം നമ്പർ യോഗ തീരുമാനം.

കൊട്ടാരക്കര താലൂക്കിൽ മേലില വില്ലേജിൽപ്പെട്ട റീസർവ്വേ ബ്ലോക്ക് 16 ൽ 10067-ാം നമ്പർ തണ്ടപ്പേർ റീസർവ്വേ നമ്പർ 87/18-ാം നമ്പർ സ്ഥലവും കൊട്ടാരക്കര നഗരസഭാ പരിധിയിലുള്ള KM6/298-ാം നമ്പർ പഴയ കെട്ടിടവും കണിയാന്റഴികത്ത് വീട്ടിൽ ശ്രീ.കഞ്ഞുകഞ്ഞ് മകൻ ശ്രീ. ജോയിമോന്റെ പേരിലാണെന്നുള്ളതെന്നും ടി സ്ഥലം ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് റീട്ടെയിൽ ഔട്ട് ലെറ്റിന് വേണ്ടി വാടകയ്ക്ക് കൊടുക്കുവാൻ സമ്മതിക്കുകയും കരാർ ഉണ്ടാക്കിയിട്ടുള്ളതുമാണ് എന്നും ഐ ഒ സി യുടെ നിർദ്ദേശ പ്രകാരം റസിഡഷ്യൽ ഏരിയ സർട്ടിഫിക്കറ്റിന് വേണ്ടി മേലില വില്ലേജിലും കൊട്ടാരക്കര നഗരസഭയിലും അപേക്ഷ നൽകിയെങ്കിലും മേലില വില്ലേജിലായതിനാൽ മേലില ഗ്രാമപഞ്ചായത്തിൽ നിന്നും സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണെന്നും നഗരസഭയിൽ നിന്ന് മറുപടി നൽകിയതായും ആകയാൽ ടി സർട്ടിഫിക്കറ്റ് വാങ്ങുന്നതിനുള്ള അനുവാദവും ബിൽഡിംഗ് പണിയുന്നതിനുള്ള അനുവാദവും ആരാണ് നൽകേണ്ടതെന്നുള്ള ഉത്തരവും ഉണ്ടാകണമെന്ന് കാണിച്ചാണ് ശ്രീ. ജോയിമോൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

അന്വേഷണത്തിൽ ശ്രീ.ജോയിമോൻ.കെ.കെ, കണിയാന്റഴികത്ത് വീട് കൊട്ടാരക്കരയുടെ ഉടമസ്ഥതയിലുള്ള മേലില വില്ലേജിൽ ബ്ലോക്ക് നമ്പർ 16 ൽ റീസർവ്വേ നമ്പർ 87/18 ൽ ഉൾപ്പെട്ട വസ്തുവിൽ ഐ.ഒ.സി. യുടെ റീട്ടെയിൽ ഔട്ട് ലെറ്റ് സ്ഥാപിക്കുന്നതിനായി PESO യിൽ സമർപ്പിക്കുന്നതിലേക്ക് ടി വസ്തുവിന്റെ 50 മീറ്റർ ചുറ്റളവിൽ റസിഡൻഷ്യൽ ഏരിയ നിലവിലില്ലായെന്നുള്ള സാക്ഷ്യപത്രം അനുവദിക്കുന്നതിനായി ഐ.ഒ.സി. നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും അപേക്ഷയോടൊപ്പം ഹാജരാക്കിയ കൈവശവകാശ സർട്ടിഫിക്കറ്റ്, കരം ഒടുക്കിയ രസീത് എന്നിവ പരിശോധിച്ച് കെട്ടിട നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന വസ്തു മേലില വില്ലേജിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിൽ (മേലില ഗ്രാമപഞ്ചായത്തിൽ) അപേക്ഷ സമർപ്പിക്കണമെന്ന് കാണിച്ച് ഐ.ഒ.സി. ലിമിറ്റഡിന് കത്ത് നൽകിയതായി സൂചന (2) പ്രകാരം താങ്കൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

കൊട്ടാരക്കര-പുനലൂർ ദേശീയപാതയിലുള്ള ഐ.ഒ.സി. ലിമിറ്റഡ് റീട്ടെയിൽ ഔട്ട് ലെറ്റിനായി കണ്ടെത്തിയ സ്ഥലത്തിന് മുമ്പുള്ള വലതു വശത്തെ റോഡിന് അഭിമുഖമായി നിൽക്കുന്ന കെട്ടിടങ്ങളും (VI/299 ശ്രീ.എം.തോമസ്, അഞ്ചുതറ വീട്), VI/300 ശ്രീ.കുഞ്ചാണ്ടി മാത്തുക്കുട്ടി, ഉരക്കാരൻ തെക്കേവീട്ടിൽ) ഔട്ട് ലെറ്റ് കഴിഞ്ഞിട്ടുള്ള കെട്ടിടങ്ങളും (VI/297 ശ്രീ. റ്റി.റ്റി.മാത്യൂസ്, തേവലപ്പുറത്ത് പുത്തൻവീട്), VI/296 ശ്രീ.രാജു.വൈ, തേവലപ്പുറത്ത് പുത്തൻവീട്) പരിശോധിച്ചപ്പോൾ മേലില വില്ലേജിൽപ്പെട്ട സ്ഥലമാണെങ്കിലും കൊട്ടാരക്കര മുനിസിപ്പാലിറ്റിയിൽ നിന്നാണ് ടി കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ച് വസ്തുനികുതി ഈടാക്കുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. കെട്ടിട ഉടമസ്ഥരെ നേരിൽ കേട്ടതിൽ നിന്നും ടി മുനിസിപ്പാലിറ്റിയുടെ പരിധിയിലുള്ള കെട്ടിടങ്ങൾ തന്നെയാണെന്ന് വാക്കാൽ മൊഴി നൽകിയിട്ടുണ്ട്. കൂടാതെ അപേക്ഷകനായ ശ്രീ.ജോയിമോന്റെ പേരിൽ നിർദ്ദിഷ്ട ഔട്ട് ലെറ്റ് ഉണ്ടായിരുന്ന സ്ഥലത്തുള്ള VI/298-ാം നമ്പർ കെട്ടിടത്തിന് 2020-21 സാമ്പത്തിക വർഷം വരെ കൊട്ടാരക്കര മുനിസിപ്പാലിറ്റിയിൽ വസ്തുനികുതി ഒടുക്കിയിട്ടുള്ളതും നിലവിൽ ടി കെട്ടിടം പൊളിച്ചുനീക്കിയിട്ടുള്ളതുമാണെന്ന് അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കൊട്ടാരക്കര മുനിസിപ്പാലിറ്റി ടി റീട്ടെയിൽ സ്ഥലം മേലില ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്നതാണെന്ന് തെറ്റായ റിപ്പോർട്ടാണ് നൽകിയിരിക്കുന്നത്.

കൂടാതെ സൂചന (3) പ്രകാരം ചേർന്ന ഓൺലൈൻ യോഗത്തിൽ ടി പെർമിറ്റ് അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള നിർദ്ദിഷ്ട നിർമ്മാണ സ്ഥലം മേലില വില്ലേജിൽ ഉൾപ്പെട്ട വരുന്നതാണെന്നും മേലില വില്ലേജ് പരിധി പൂർണ്ണമായും മേലില ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെട്ടു വരുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ ടി പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് കൊട്ടാരക്കര നഗരസഭ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതായും നിലവിൽ നികുതി സ്വീകരിച്ചു വരുന്നതായും ബോധ്യപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിന് വേണ്ടി 2025 ലെ തെരഞ്ഞെടുപ്പിന്റെ ഭാഗമായി നടത്തിയ വാർഡ് പുനർവിഭജന അന്തിമ വിജ്ഞാപനം പ്രകാരം നിർദ്ദിഷ്ട നിർമ്മാണ സ്ഥലം കൊട്ടാരക്കര നഗരസഭ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച റിപ്പോർട്ട്, അന്തിമ വിജ്ഞാപനത്തിന്റെ പകർപ്പ്, അംഗീകൃത മാപ്പിന്റെ പകർപ്പ് ടി സ്ഥലം ഉൾപ്പെട്ട ഡിവിഷനുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ വോട്ടർ പട്ടികയുടെ പകർപ്പ്, കൊട്ടാരക്കര വില്ലേജിന്റെ അതിർത്തി സംബന്ധിച്ച് നഗരസഭയിൽ ലഭ്യമുള്ള രേഖകൾ എന്നിവ സഹിതം 04/08/2025 ന് 3.30 pm ന് സ്ഥല പരിശോധന നടത്തിയ ഓവർസിയർ സെക്ഷന്റെ ചുമതലയുള്ള സൂപ്രണ്ട് എന്നിവർ AD-3 യുടെ കാര്യാലയത്തിൽ ഇന്റേണൽ വിജിലൻസ് ഓഫീസർ-2 മുമ്പാകെ ഹിയറിംഗിന് ഹാജരാകുവാൻ നിർദ്ദേശിച്ചിരുന്നതുമാണ്. കൊട്ടാരക്കര മുൻസിപ്പാലിറ്റിയെ 30 വാർഡുകളായി വിഭജിച്ച് അതിർത്തികൾ നിർണയിച്ച് കൊണ്ടുള്ള ബഹു. ഡീലിമിറ്റേഷൻ

കമ്മീഷന്റെ 26/05/2025 ലെ എസ്.ഡി.സി-1074/2024/എസ്.ഡി.സി 8 നമ്പർ അന്തിമ ഉത്തരവ്, അംഗീകൃത മാപ്പ്, 2025 ലെ പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 23/07/2025 തീയതിയിൽ പ്രസിദ്ധീകരിച്ച പഴയതെരുവ് ഡിവിഷൻ (ഡിവിഷൻ 6) വോട്ടർപട്ടിക എന്നിവ ഹിയറിങ്ങിൽ ഹാജരാക്കിയിരുന്നു. ആയത് പരിശോധിച്ചതിൽ ഐ.ഒ.സി ലിമിറ്റഡ് റീടെയിൽ ഔട്ട് ലെറ്റ് നിർമ്മിക്കുന്നതിന് കണ്ടെത്തിയ മേലില വില്ലേജിൽ കരം ഒടുക്കി വരുന്ന ശ്രീ. ജോയിമോൻ, കണിയാന്റഴികത്ത് വീട് എന്നയാളുടെ ഉടമസ്ഥതയിലുള്ള വസ്തു കൊട്ടാരക്കര നഗരസഭ പഴയതെരുവ് ഡിവിഷന്റെ അതിർത്തിയിൽ ഉൾപ്പെട്ടിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. ടി വസ്തുവിന് മുമ്പുള്ള വലതുവശത്തെ റോഡിന് അഭിമുഖമായി നിൽക്കുന്ന താമസാവശ്യ കെട്ടിടങ്ങളുടെ ഉടമസ്ഥൻ പഴയതെരുവ് ഡിവിഷൻ ഭാഗം ഒന്ന് വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതായി സൂപ്രണ്ട് ശ്രീ.ഹരിനാഥ്.എം.ഐ മൊഴി നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കൊട്ടാരക്കര നഗരസഭ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളതും മേലില വില്ലേജിൽ കരം ഒടുക്കി വരുന്നതുമായ ശ്രീ. ജോയിമോൻ.കെ.കെ, കണിയാന്റഴികത്ത്, കൊട്ടാരക്കര എന്നയാളുടെ ഉടമസ്ഥതയിലുള്ള ബ്ലോക്ക് 16 റീസർവ്വേ നമ്പർ 87/18 ൽ ഉൾപ്പെട്ട വസ്തുവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അനുമതി കൊട്ടാരക്കര നഗരസഭയിൽ നിന്നും അനുവദിക്കുന്നതിനും കൂടാതെ നിലവിൽ കൊട്ടാരക്കര മുനിസിപ്പാലിറ്റിയെ 30 വാർഡുകളായി നിർണ്ണയിച്ചുകൊണ്ടുള്ള ബഹു.ഡീലിമിറ്റേഷൻ കമ്മീഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അംഗീകൃത മാപ്പ് പ്രകാരമുള്ള അതിർത്തിക്കുള്ളിൽ വരുന്ന വസ്തുവിന്റെ ഉടമസ്ഥർ നൽകുന്ന അപേക്ഷയിൽ മറ്റൊരു വില്ലേജിലാണ് കരം ഒടുക്ക് വരുത്തുന്നത് എന്ന കാരണത്താൽ തുടർനടപടികൾ സ്വീകരിക്കാതിരിക്കരുത് എന്നും അതിർത്തി സംബന്ധിച്ച് മാറ്റം വരുത്തണമെന്ന് ബഹു. കൗൺസിൽ തീരുമാനിക്കുന്ന പക്ഷം അനുമതിക്കായി ബഹു.സർക്കാരിലേക്ക് ഉചിത മാർഗ്ഗേണ അപേക്ഷ സമർപ്പിക്കാവുന്നതാണെന്നുമുള്ള സൂചന (3) തീരുമാനവിവരം താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

സുശീന്ദ്രൻ.കെ
ഇന്റേണൽ വിജിലൻസ് ഓഫീസർ-2 (ഇൻ ചാർജ്ജ്)
തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.

പകർപ്പ്

ശ്രീ. ജോയ് മോൻ.കെ.കെ
കണിയാന്റഴികത്ത് വീട്
C/o എൽ.തങ്കച്ചൻ
പൈങ്ങോട് വീട്,
ചെങ്ങമനാട് പി.ഒ
കൊട്ടാരക്കര-691557